പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1774 04.12.2015 - ൽ മറുപടിയ്ക്ക്

## വിവിധ ക്ഷേമ പെൻഷനുകൾ

ചോദ്യം

ശ്രീ. ശ്രീ.കെ.കെ.ജയചന്ദ്രൻ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നൽകിവരുന്ന വിവിധ ക്ഷേമ പെൻഷനുകൾ ഏതൊക്കെയാണ് ; ഓരോ ക്ഷേമ പെൻഷനും എന്നു മുതൽ കുടിശ്ശിക ആയിരിക്കുന്നു എന്നത് സംബന്ധിച്ച് വിശദാംശം നൽകുമോ ; | (എ) | വികലാംഗ പെൻഷൻ, അഗതി(വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ ഇവയാണ് സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന ക്ഷേമ പെൻഷനുകൾ. 2015 വർഷത്തിൽ 2/2015, 3/2015 എന്നി മാസങ്ങളിലെ കുടിശ്ശികയടക്കം സെപ്റ്റംബർ മാസം വരെയുള്ള പെൻഷൻ തുക അനുവദിച്ചു കഴിഞ്ഞു. നടപ്പു സാമ്പത്തിക വർഷത്തിൽ ക്ഷേമ പെൻഷനുകൾ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ വിവിധ പ്രകാരത്തിലാണ് കുടിശ്ശിക വന്നിട്ടുള്ളത്. എന്നിരുന്നാലും 2014 സെപ്റ്റംബർ മാസം മുതൽ 2015 ജനുവരി മാസം വരെ കുടിശ്ശികയായിട്ടുണ്ട്. |
| (ബി) | ക്ഷേമ പെൻഷനുകൾ എപ്രകാരമാണ് വിതരണം നടത്തി വരുന്നത് ; വിശദാംശം നൽകാമോ ; | (ബി) | സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്നതും ലാന്റ് റവന്യൂ കമ്മീഷണർ ചീഫ് കൺട്രോളിംഗ് ഓഫീസറായിട്ടുള്ളതുമായ പെൻഷനുകൾക്ക് അനുവദിക്കുന്ന തുക പഞ്ചായത്ത് ഡയറക്ടർ ഗുണഭോക്താക്കളുടെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്ക് കൈമാറ്റം ചെയ്ത് പെൻഷൻ വിതരണം സാധ്യമാക്കുന്നു. |
| (സി) | ക്ഷേമ പെൻഷനുകൾ കുടിശ്ശിക സഹിതം എന്നത്തേക്ക് കൊടുത്തു തീർക്കുവാൻ സാധിക്കും ; വ്യക്തമാക്കുമോ ? | (സി) | ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് വിതരണം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ